പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2842

13-03-2018-ലെ
മറുപടിയ്ക്ക്

## കൃഷിയെ പരിപോഷിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി. ജോയി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷിയെ പരിപോഷിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ വന്നശേഷം കാർഷികരംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുന്ന പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br>വിളവിസ്തൃതിക്കും ഉൽപ്പാദനവർദ്ധനവിനുമായി നെൽകൃഷി വികസനം, പച്ചക്കറികൃഷിവികസനം, കിഴങ്ങ്-പയർവർഗ്ഗ വിളകളുടെ വികസനം, നാളികേര വികസനം, സുഗന്ധ വ്യഞ്ജന വിള വികസനം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>മണ്ണിന്റേയും വിളയുടേയും ആരോഗ്യ പരിപാലനത്തിനും ഉത്പാദനക്ഷമത ഉയർത്തുന്നതിനും വിള ആരോഗ്യപരിപാലന രംഗത്തും കാര്യമായ ഇടപെടലുകൾ നടത്തുന്നു.<br>പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പ്രോൽസാഹനം, ഹൈ-ടെക്, ജൈവകൃഷി രീതികളുടെ പ്രചാരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി, കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ വിതരണത്തിനും ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി.<br>കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിന് ഓണത്തിനും വിഷുവിനും കാർഷിക വിപണി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി. ഓണത്തിനായി വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഓണത്തിന് "ഒരു മുറം പച്ചക്കറി" യെന്ന പദ്ധതി നടപ്പിലാക്കി. പരമ്പരാഗത, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ |

| | | |
|---|---|---|
| | | സംരക്ഷണത്തിന് പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കി. അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ അഭിവൃദ്ധിക്കായി "മില്ലറ്റ് വില്ലേജ്" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. |
| **(ബി)** | വർക്കല മണ്ഡലത്തിൽ കൃഷി യോഗ്യമായ എത്ര ഹെക്ടർ നെൽവയലുകൾ തരിശായി കിടക്കുന്നു എന്ന കണക്ക് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | **(ബി)** വർക്കല മണ്ഡലത്തിൽ കൃഷി യോഗ്യമായ 43 ഹെക്ടർ നിലം തരിശായി കിടക്കുന്നുണ്ട്. |
| **(സി)** | നെൽപാടങ്ങളിലേക്ക് സുലഭമായി കൃഷിക്ക് ആവശ്യമായ വെള്ളം ലഭിക്കാത്തതുകൊണ്ട് കർഷകർ കൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി)** ഉണ്ട്. അനിയന്ത്രിതമായ നിലം നികത്തലും തോടുകളും ചാലുകളും വൃത്തിയാക്കി അറ്റകുറ്റപ്പണികൾ ചെയ്യാത്തതും കാലാവസ്ഥയിലെ വ്യതിയാനവും കാരണങ്ങളാണ്. എന്നാൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പാക്കിയതിന്റെ ഭാഗമായി നിലം നികത്തൽ ഒരു പരിധി വരെ നിയന്ത്രണ വിധേയമായിട്ടുണ്ട്. ചാലുകളും തോടുകളും വൃത്തിയാക്കി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനു ആവശ്യമായ ധനസഹായം പ്ലാൻ പദ്ധതികളുടെ ഘടകങ്ങളായും പദ്ധതിയധിഷ്ഠിതമായും നൽകുന്നുണ്ട്. പൊതുകിണർ / കുളങ്ങൾ നിർമ്മിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും ആനുകൂല്യം നല്കുന്നുണ്ട്. ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുമുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ ടി സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**